GEMS OUR OWN INDIAN SCHOOL
*Anchored in Excellence*

# SA2 Examination 2012-13
## Subject: Malayalam

**Grade: 7** **Marks: 80**
**Date: 10.03.13** **Time: 21/2 Hrs**

---

## എ വിഭാഗം

1. താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

കവിയുടെ മൂന്നുതരം മനോഭാവങ്ങൾ കവിതയിൽ പ്രതിഫലിക്കുന്നുണ്ട് ഇവയെ വികാരപരം ആലോചനാപരം ഭാവനാപരം എന്നു വിഭജിക്കാം ഇവയിൽ ആലോചനാപരമായ അംശമാണ് തത്ത്വചിന്തയായി മാറുന്നത് കവിയുടെ അന്ത കരണവൃത്തി മേൽപ്പറഞ്ഞ മൂന്നു വിധത്തിൽ ഒരുപോലെ വ്യാപരിച്ചെങ്കിൽ മാത്രമേ ഉത്തമ കവിത ഉണ്ടാവുകയുള്ളു ഇവയിലേതെങ്കിലുമൊന്നിൻെറ അഭാവം രസസ്ഫൂർത്തിക്ക് ഹാനികരമായിരിക്കും രണ്ടാമത്തെ അംശം തീരെയില്ലാതെ പോയാൽ അനന്തര ക്ഷണത്തിൽ നിശ്ശേഷം നശിച്ചുപോകുന്ന കേവലം താത്ക്കാലികമായ ഒരു രസാനുഭൂതി മാത്രമേ കവിതാ പാരായണം കൊണ്ടുണ്ടാവുകയുള്ളു വായനയ്ക്കു ശേഷവും രസാനുഭൂതി തുടർന്നു നില കൊള്ളണമെങ്കിൽ കവിത തത്വചിന്തകൊണ്ട് രമണീയമായിരിക്കണം ജീവിത തത്വങ്ങളേയും പ്രകൃതിരഹസ്യങ്ങളേയും നിരീക്ഷണം ചെയ്യുന്നതിന് പ്രാപ്തനല്ലാത്തൊരു കവി എഴുതുന്ന കവിത, ഉള്ളിത്തൊണ്ടുപോലെ ഉൾക്കനമില്ലാത്തതായിരിക്കും. പരിശുദ്ധങ്ങളായ വികാരങ്ങളുടെ ഉത്തേജനം കൊണ്ടു തന്നെ കവിതാധർമ്മം മുഴുവനും നിർവഹിക്കപ്പെടുന്നതിനായി ചിലർ വാദിക്കുന്നു ഹൃദയതലത്തിൽ നടത്തുന്ന വികാരോത്തേജനം കൃഷിക്കായി നിലമൊരുക്കുന്നതിനു തുല്യമേ ആകുന്നുള്ളൂ അതിൽ വിചാരങ്ങളാകുന്ന വിത്തുകൾ പാകേണ്ടത് കവിയുടെ മുഖ്യധർമ്മമാണ്

1. ഉത്തമ കവിത ഉണ്ടാകുന്നതെങ്ങനെ? (2)

2. കവിതയിൽ തത്വചിന്തയ്ക്കുള്ള പ്രാധാന്യമെന്ത്? (2)

3. കവിതയ്ക്ക് ഉൾക്കനമില്ലാതാകുന്നത എപ്പോൾ? (2)

4. കവിതയിൽ ആലോചനാപരമായ അംശമില്ലാതെ പോയാലുള്ള ദോഷമെന്ത്? (2)

5. കവിയുടെ പ്രധാന ധർമ്മമെന്ത്? (2)

2. ആശയംവിശദമാക്കുക (4)

‘‘അന്യഥാചിന്തിതം കാര്യം
ദൈവമന്യത്ര ചിന്തയേത് ‘‘

അല്ലെങ്കിൽ

“പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം”

3. നിങ്ങളെ ഏററവും ആകർഷിച്ച ഗ്രന്ഥത്തെക്കുറിച്ച് സുഹൃത്തിന് ഒരു കത്ത് എഴുതുക (8)

## ബി വിഭാഗം

4 പകരംപദം കണ്ടെത്തുക (2)

ബുദ്ധി

( കഴിവ്, ചന്ദ്രൻ, മതി, മനീഷ )

5. വിപരീതപദം (2)

(i)പണ്ഡിതൻ

(ദരിദ്രൻ, പാമരൻ, ശ്രേഷ്ഠൻ, അന്ത്യജൻ )

(ii) പാശ്ചാത്യം

( പടിഞ്ഞാറ്, പൗരസ്ത്യം, ദക്ഷിണം, ആധുനികം )

6.നാനാർഥം (2)

(i)രേഖ

( പ്രമാണം, അടിസ്ഥാനം, വര, ബിന്ദു )

(ii) കെടുത്തുക

( നശിപ്പിക്കുക, അണയ്ക്കുക, കത്തിക്കുക, ചീത്തയാക്കുക)

7.വികസിപ്പിച്ചെഴുതുക (2)

(i) ധനുർബ്ബാണങ്ങൾ

(ii) ചിത്രരചന

8. ഒററപ്പദമാക്കുക (2)

(i) ജഗത്തിൻെറപതി

(ii) കിരീടത്തിൻെറ ധാരണം

9. വാക്യത്തിൽ പ്രയോഗിക്കുക (2)

(i) ഗൂഢസന്ദേശം

(ii) പങ്കുവഹിക്കുക

10.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (4)

(i) അഞ്ചിരട്ടി

(ii) വായാടിക്കിളി

(iii) പേടിയില്ല

(iv) ഊറിയെത്തിയ

11. പ്രയോഗംമാററുക (2)

രവിവർമ്മ ചിത്രങ്ങൾ വരച്ചു

12. വാക്യത്തിലെ തെററു തിരുത്തുക (2)

വിദ്യാർഥികൾ നൂറിനു തൊണ്ണൂറു ശതമാനവും വിജയിച്ചു

13.എതിർലിംഗംഎഴുതുക (1)

(i) വിദ്വാൻ

(ii) രോഗി

14. താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ ഏതു വിഭക്തിയിൽ ഉൾപ്പെടുന്നു എന്നെഴുതുക (4)

(i) സീതയെ

(ii) കുട്ടിയുടെ

(iii) പേനയാൽ

(iv) രാമനോട്

15.അംഗഅംഗിവാക്യങ്ങൾ എടുത്തെഴുതുക (2)

മദർതെരേസയുടെ പ്രാർത്ഥനയ്ക്കു സാക്ഷ്യം വഹിക്കുകയെന്നത് അസാധാരണമായ ഒരനുഭവമാണ്

16.അന്വാഖ്യാനരൂപത്തിലേക്കു മാററിയെഴുതുക (2)

ശകുന്തള: (സഖിമാരോട്) വനജ്യോത്സനയെ ഞാൻ നിങ്ങളുടെ കയ്യിലേൽപ്പിക്കുന്നു

സഖിമാർ: ഞങ്ങളെ നീ ആരുടെ കയ്യിലാണ് ഏൽപ്പിച്ചിരിക്കുന്നത് (കണ്ണുനീർ തൂകുന്നു)

17. ശരിയായ ഉത്തരം ബ്രായ്ക്കററിൽ നിന്നും തിരഞ്ഞെടുത്തെഴുതുക (1×6=6)

(i) ആധുനിക ചിത്രകലയുടെ പിതാവ് ആര്?

(രാജരാജവർമ്മ, രാജാരവിവർമ്മ, വള്ളത്തോൾ)

(ii) അമ്പലമണി എന്ന കവിതാസമാഹാരം രചിച്ചത്

(സുഗതകുമാരി, ബാലാമണിയമ്മ, ബാലചന്ദ്രൻചുള്ളിക്കാട്)

(iii) ആധുനിക മലയാള ഭാഷയുടെ പിതാവ് ആര്?

(ഉള്ളൂർ, വള്ളത്തോൾ, എഴുത്തച്ചൻ)

(iv) നിദാഘം എന്ന പദത്തിൻെറ അർഥം

(വിളഭൂമി, ജീവൻ, വേനൽ)

(v) അമ്പേററപ്പോൾ മാനിനുണ്ടായ രൂപാന്തരം എന്ത്?

(പർവ്വതം, വന്മല, ഭൂമി)

(vi) വാകപ്പൂവിൻ തേനെല്ലാം കട്ടു ആര്?

(വണ്ണാത്തി, തോഴൻ, കാക്ക)

18. 'കനകമൃഗം' എന്ന പദ്യത്തിലെ ആദ്യത്തെ ആറുവരികൾ ക്രമമായി എഴുതുക (3)

## ഡി വിഭാഗം

19. ഉത്തരമെഴുതുക (3×4=12)

(i) മണ്ണിലെ അമൃതായി ബാലചന്ദ്രൻ ചുള്ളിക്കാട് കാണുന്നതെന്ത്?

(ii) രവിവർമ്മയെക്കുറിച്ചുള്ള വിമർശനങ്ങൾ എന്തെല്ലാം?

(iii) കനകമൃഗത്തെ പിടിച്ചുകൊണ്ടുവരുവാൻ സീത നിർബന്ധിച്ചു.സീതയെ ആകർഷിച്ച വസ്തുതകൾ സ്വന്തം വാക്യത്തിൽ എഴുതുക.

(iv) തത്തയെ തുറന്നുവിട്ടുകൊണ്ട് ക്രിസ്തീന പറഞ്ഞതെന്ത്? ആ വാക്ക് എങ്ങനെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതായിത്തീരുന്നു?

20. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക (8)

(i) നമ്മുടെ പരിസ്ഥിതിപ്രശ്നങ്ങൾ

(iii) വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനം